"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കൊല്ലം മുണ്ടക്കൽ പാപനാശം മുതൽ കൊല്ലം ബീച്ച് വരെയുള്ള പ്രദേശത്തെ (വെടിക്കുന്ന് ഭാഗം) തീര സംരക്ഷണത്തിനായുള്ള 9.8 കോടി രൂപയുടെ പദ്ധതി KIIFB ധന സഹായത്തോടെ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.17/2025/F&P തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:- 1. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 15.05.2025 തീയതിയിലെ 1701/H/2019/KSCADC നമ്പർ കത്ത്

**ഉത്തരവ്**

രൂക്ഷമായ കടലാക്രമണം മൂലം മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾക്ക് കൂടുതലായി നാശനഷ്ടം സംഭവിക്കുന്ന പ്രദേശമാണ് കൊല്ലം വെടിക്കുന്ന്. ടി പ്രദേശത്ത് തീരസംരക്ഷണ പദ്ധതി നടപ്പാക്കുന്നതിന് 2025-26 സാമ്പത്തിക വർഷത്തെക്കായി ബജറ്റ് വിഹിതം ലഭ്യമല്ലെന്നും, വെടിക്കുന്ന് ഭാഗത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ട അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് 9.80 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കണമെന്നും, KIIFB-ക്ക് ശുപാർശ ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം മുണ്ടക്കൽ പാപനാശം മുതൽ കൊല്ലം ബീച്ച് വരെയുള്ള പ്രദേശത്തെ (വെടിക്കുന്ന് ഭാഗം) തീര സംരക്ഷണത്തിനായുള്ള 9.8 കോടി രൂപയുടെ പദ്ധതി KIIFB ധന സഹായത്തോടെ നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി. ) വകുപ്പ് (ഇനം നം: 3090 പ്രകാരം)
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 03-07-2025 16:41:15

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-07-2025**

ഫയൽ നം. ബി2/234/2024/മതുവ. ഇനം നം: 3090

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - കൊല്ലം വെടിക്കുന്ന് ഭാഗത്തെ തീരസംരക്ഷണത്തിനുള്ള പദ്ധതി KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതിനുള്ള അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | ബി2/234/2024/മതുവ |
| 2. | വകുപ്പ് | മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് |
| 3. | വിഷയം | കൊല്ലം വെടിക്കുന്ന് ഭാഗത്തെ തീര സംരക്ഷണത്തിനുള്ള പദ്ധതി KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31/05/2025 |
| 5. | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ. അബ്ദുൾ നാസർ ബി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | ~~18~~ 19.06.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.06.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. സജി ചെറിയാൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.06.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27.06.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. കൊല്ലം വെടിക്കുന്ന് ഭാഗത്തെ തീരസംരക്ഷണത്തിനുള്ള 9.8 കോടി രൂപയുടെ പദ്ധതി KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കൊല്ലം വെടിക്കുന്ന് പ്രദേശത്തെ ശക്തമായ കടൽകയറ്റത്തിൽ നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ പ്രസ്തുത പ്രദേശത്തെ സംരക്ഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കേരള തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ പദ്ധതിയുടെ മാതൃകാ പഠനം ഐ.ഐ.ടി. മദ്രാസ് മുഖേന നടത്തുവാനും നിർദ്ദേശിച്ചു. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഐ.ഐ.ടി മദ്രാസിനെ മാതൃകാ പഠനം നടത്തുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ചുമതലപ്പെടുത്തുകയും മാതൃകാ പഠന റിപ്പോർട്ട് പ്രസ്തുത ഏജൻസി ലഭ്യമാക്കുകയും ചെയ്തു.

3. ഐ.ഐ.ടി. മദ്രാസ് നൽകിയിട്ടുള്ള മാതൃകാ പഠന റിപ്പോർട്ടിൽ കൊല്ലം ബീച്ച് ഭാഗത്ത് ഓഫ്ഷോർ ബ്രേക്ക് വാട്ടറും നാല് ഗ്രോയിനുകളും വെടിക്കുന്ന് ഭാഗത്ത് ആറ് ഗ്രോയിനുകളും ഉൾപ്പെടുന്ന സംയുക്ത പദ്ധതിയാണ് സമർപ്പിച്ചത്.

4. തുടർന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൊല്ലം ബീച്ചിലെയും, വെടിക്കുന്ന് പ്രദേശത്തെയും തീര സംരക്ഷണ പ്രവൃത്തി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുന്നതിനായി ഐ.ഐ.ടി മദ്രാസിന്റെ മാതൃകാ പഠന റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള 25.57 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചു.

5. പ്രസ്തുത പ്രൊപ്പോസൽ ശുപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചു. ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം അഭിപ്രായപ്പെട്ടു;

"Administrative Department is informed that Administrative Sanction shall be accorded for the shore protection proposal for Kollam Beach and Vedikunnu after obtaining approval from the Council of Ministers, limiting the project cost to the previously proposed amount of ₹10 crore, for KIIFB funding, if the expenditure cannot be met from the budgetary allocation for the purpose."

6. തുടർന്ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ ഉത്തരവിൻ പ്രകാരം ഇക്കാര്യത്തിൽ ഫിഷറീസ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേരള തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുമായി ചർച്ച നടത്തി.

7. ടി യോഗ തീരുമാന പ്രകാരം കൊല്ലം ബീച്ചിന്റെ തീരസംരക്ഷണത്തിനായി 15 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ചു. കൊല്ലം വെടിക്കുന്ന് ഭാഗത്തെ തീരസംരക്ഷണത്തിനായുള്ള 9.8 കോടി രൂപയുടെ എസ്റ്റിമേറ്റ് KIIFB സഹായത്തോടെ പൂർത്തീകരിക്കുന്നതിന് പ്രാരംഭ അനുമതി നൽകാമെന്ന് KIIFB CEO അറിയിച്ചതായും KSCADC വ്യക്തമാക്കി. എന്നാൽ പൂർണ്ണമായി തീരസംരക്ഷണം അനിവാര്യമായതിനാൽ, കൊല്ലം ബീച്ചിന്റെ ഭാഗവും സംരക്ഷിക്കേണ്ടതുണ്ട്. ആയതിന് ഐ.ഐ.ടി മദ്രാസ് നൽകിയിട്ടുള്ള സംയുക്ത മാതൃകാ പഠന റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ

ബീച്ച് പ്രദേശം സംരക്ഷിക്കുന്നതിനും വിനോദസഞ്ചാര സൗഹൃദമായി ഉപയോഗിക്കുന്നതിനും 15 കോടി രൂപയുടെ പദ്ധതിക്ക്/എസ്റ്റിമേറ്റിന് തത്വത്തിലുള്ള അംഗീകാരം ലഭ്യമാക്കണമെന്നും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

8. തുടർന്ന് ഉത്തരവിനായി ഫയൽ ബഹു. ഫിഷറിസ് വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചപ്പോൾ, കൊല്ലം, ചെറായി ബീച്ചുകളുടെ തീര സംരക്ഷണത്തിന് ബജറ്റ് പ്രസംഗത്തിൽ തുക വകയിരുത്തിയിട്ടുണ്ട് (ഇനം-202). രൂക്ഷമായ കടലാക്രമണം മൂലം മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾക്ക് കൂടുതലായി നാശനഷ്ടം സംഭവിക്കുന്നത് കൊല്ലം വെടിക്കുന്ന് പ്രദേശത്താണ്. കൊല്ലം വെടിക്കുന്ന് പ്രദേശത്ത് പദ്ധതി നടപ്പാക്കുന്നതിന് ബജറ്റ് വിഹിതം ലഭ്യമാണോയെന്നും, ലഭ്യമല്ലെങ്കിൽ KIIFB ധനസഹായത്തോടെ പദ്ധതി നടപ്പാക്കുന്നതിന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുവാനും ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി നിർദ്ദേശിച്ചു.

9. കൊല്ലം വെടിക്കുന്ന് പ്രദേശത്ത് തീരസംരക്ഷണ പദ്ധതി നടപ്പാക്കുന്നതിന് 2025-2026 സാമ്പത്തിക വർഷത്തേക്കായി ബജറ്റ് വിഹിതം ലഭ്യമല്ലെന്നും, പ്രസ്തുത സഹായത്തിനുള്ള പ്രോപ്പോസൽ KIIFB CEO-ക്കും സർക്കാരിലേയ്ക്കും സമർപ്പിച്ചിരുന്നുവെന്നും വെടിക്കുന്ന് ഭാഗത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ട അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് 9.80 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിലുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നും, KIIFB ക്ക് ശുപാർശ ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അഭ്യർത്ഥിക്കുകയുണ്ടായി.

10. തുടർന്ന് കൊല്ലം വെടിക്കുന്ന് ഭാഗത്തെ തീര സംരക്ഷണത്തിനായുള്ള 9.8 കോടി രൂപയുടെ പദ്ധതി KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

11. കൊല്ലം വെടിക്കുന്ന് പ്രദേശത്ത് തീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി 9.8 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനാണ് അനുമതി തേടിയിരിക്കുന്നത്, എന്നാൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച 9.8 കോടി രൂപയുടെ എസ്റ്റിമേറ്റ് കൊല്ലം കോർപ്പറേഷനിലെ ഉദയമാർത്താണ്ഡപുരം ഡിവിഷനിലെ മുണ്ടയ്ക്കൽ പാപനാശം മുതൽ കൊല്ലം ബീച്ച് വരെയുള്ള ഗ്രോയ്നുകളുടെ നിർമ്മാണത്തിനായിരുന്നു. ആയതിനാൽ ഇത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറോട് അവശ്യപ്പെട്ടിരുന്നു. മുണ്ടക്കൽ പാപനാശത്തിന്റെയും കൊല്ലം ബീച്ചിന്റെയും ഇടയിൽ വരുന്ന പ്രസ്തുത ഭാഗം വെടിക്കുന്ന് എന്നാണ് അറിയപ്പെടുന്നതെന്നും ആകയാൽ മുണ്ടക്കൽ പാപനാശം മുതൽ കൊല്ലം ബീച്ച് വരെയുള്ള പ്രദേശമായ വെടിക്കുന്ന് ഭാഗത്തെ എസ്റ്റിമേറ്റ് തന്നെയാണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്നും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

## തീരുമാനിക്കേണ്ട വിഷയം

കൊല്ലം വെടിക്കുന്ന് ഭാഗത്തെ തീരസംരക്ഷണത്തിനായുള്ള 9.8 കോടി രൂപയുടെ പദ്ധതി KIIFB ധനസഹായത്തോടെ നടപ്പാക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണോ?